# Malayala Manorama

# 10 August 2018

# Kerala: Education, University exams, Flood

# അവധിയിൽ കുരുങ്ങി പരീക്ഷകൾ

## സർവകലാശാലകളിൽ പരീക്ഷാനടത്തിപ്പ് താളം തെറ്റി

**മനോരമ ലേഖകർ**

ഹർത്താലുകളും പണിമുടക്കും പ്രകൃതിദുരന്തവും മൂലം അവധികൾ ഏറിയപ്പോൾ പരീക്ഷാ നടത്തിപ്പിന്റെ താളം തെറ്റി സർവകലാശാലകൾ. പരീക്ഷകൾ തുടരെ മാറ്റി വയ്ക്കുന്നതു മൂലം മൂല്യനിർണയവും ഫലപ്രഖ്യാപനവും ഇനിയും വൈകും.

### എംജി

എംജി സർവകലാശാല റെക്കോർഡ് സമയത്തിനുള്ളിൽ ഫലം പ്രഖ്യാപിച്ചിരുന്ന ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലമാണ് അടിക്കടിയുള്ള ഹർത്താലുകളും അവധികളും മൂലം ഇത്തവണ കുഴഞ്ഞു മറിയുന്നത്. ഈ അധ്യയന വർഷം 12 തവണ എംജി പരീക്ഷകൾ മാറ്റി. ചോദ്യക്കടലാസുകൾ ഓൺലൈനായി എത്തിച്ചു നടത്തിയിരുന്ന എംഎ, എംഎസ്‌സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യു അടക്കമുള്ള റെഗുലർ പിജി കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ജൂലൈയിൽ പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ ഇവ സെപ്റ്റംബറിലേ നടക്കൂവെന്ന് ഏറെക്കുറെ ഉറപ്പായി.

വെള്ളപ്പൊക്കത്തെ തുടർന്ന് ഒരുതവണ മാറ്റിവച്ച പരീക്ഷകൾ അനിശ്ചിതമായി മാറ്റിവച്ച സ്ഥിതിയാണ്. മൂന്ന്, നാല് സെമസ്റ്റർ ബിടെക് പരീക്ഷകളും എൽഎൽബി, എംബിഎ പരീക്ഷകളും ഇതുവരെ നടന്നിട്ടില്ല. മൂന്നു ലക്ഷം ഉത്തരക്കടലാസുകളാണു ഡിഗ്രി വിഷയങ്ങളിൽ ഒരു സെമസ്റ്ററിൽ മൂല്യനിർണയം നടത്തുന്നത്. പിജി കോഴ്സുകൾക്ക് കുറഞ്ഞത് ഒന്നര ലക്ഷം ഉത്തരക്കടലാസുകളുണ്ടാകും. മൂല്യനിർണയവും ടാബുലേഷൻ നടപടികളും പൂർത്തിയാക്കി ഫലം പ്രഖ്യാപിക്കാൻ രണ്ടു മാസത്തിലേറെ വേണ്ടിവരും.



### കണ്ണൂർ

കണ്ണൂർ സർവകലാശാല കഴിഞ്ഞ മോട്ടോർവാഹന പണിമുടക്കു ദിവസത്തെ പരീക്ഷകൾ മാറ്റിവച്ചിരുന്നു. തുടർച്ചയായ അവധി കാരണം വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ ഈ വർഷത്തെ പരീക്ഷകളിൽ ഒന്നുമാത്രമാണ് നടത്താനായത്. ബിടെക്, എംബിഎ പരീക്ഷകളും മുടങ്ങി. പുതുക്കിയ തീയതി നിശ്ചയിച്ചുക്കൊണ്ടിരിക്കുകയാണെന്നു പരീക്ഷാ കൺട്രോളർ ഡോ. ബാബു ആന്റോ പറഞ്ഞു.

### കാലിക്കറ്റ്

കാലിക്കറ്റ് സർവകലാശാലയ്ക്ക് സമീപ കാലത്ത് അൻപതിലേറെ ബിരുദ, ബിരുദാനന്തര ബിരുദ റഗുലർ സപ്ലിമെന്ററി പരീക്ഷകൾ മാറ്റേണ്ടി വന്നു. നിപ്പ വൈറസ് ഭീഷണിയുടെ കാലത്ത് മൂന്നാഴ്ച പരീക്ഷകൾ മാറ്റിയിരുന്നു. വർഷം 14,000 പരീക്ഷകൾ നടത്തുന്ന വാഴ്സിറ്റിക്ക് അവയിൽ ഒരെണ്ണം മാറ്റിയാൽ പോലും പ്രശ്നമാണ്. 50 ലക്ഷം ഉത്തരക്കടലാസ് വർഷം തോറും മൂല്യനിർണയം നടത്തണം. പല പരീക്ഷകളുടെ പേപ്പർ ഒന്നിച്ചു മൂല്യനിർണയത്തിന് എത്തുന്ന അവസ്ഥയും ഉണ്ടാകും. ഫലപ്രഖ്യാപനം വൈകുകയും ചെയ്യും.

### കേരള

കേരള സർവകലാശാലയ്ക്കു മൂന്നു ദിവസത്തെ പരീക്ഷകൾ മാറ്റി വയ്ക്കേണ്ടി വന്നു. ഒരു ദിവസം തന്നെ ഒന്നിലേറെ പരീക്ഷകൾ നടത്തുന്നതിനാൽ പല പരീക്ഷകൾ മാറ്റിയിട്ടുണ്ട്. എല്ലാ പരീക്ഷകളുടെയും പുതിയ തീയതി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഫലപ്രഖ്യാപനം വൈകാനാണ് സാധ്യത. പ്രാദേശിക അവധികൾക്ക് കേരള സർവകലാശാലയുടെ പരീക്ഷ മാറ്റാറില്ല.

- സാങ്കേതിക സർവകലാശാലയുടെ പരീക്ഷാ സീസൺ മേയ്-ജൂൺ മാസങ്ങളിൽ കഴിഞ്ഞതിനാൽ അവരുടെ പരീക്ഷകളെ അവധിയും ഹർത്താലും കാര്യമായി ബാധിച്ചിട്ടില്ല.
- കൊച്ചി സർവകലാശാലയുടെ പരീക്ഷകൾ നവംബർ, ഏപ്രിൽ, മേയ് മാസങ്ങളിലാണ് നടത്തുന്നത്. അതേസമയം സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ രണ്ട് സെമസ്റ്റർ പരീക്ഷകൾ അവധി മൂലം മുടങ്ങിയതായി കൺട്രോളർ ഡോ. സുനിൽ കെ.നാരായണൻകുട്ടി പറഞ്ഞു.
- ആരോഗ്യ സർവകലാശാലയിൽ മാറ്റിവച്ച പരീക്ഷകളെല്ലാം പുതിയ തീയതികളിൽ ക്രമീകരിച്ചു.
- വെറ്ററിനറി സർവകലാശാലയിൽ ഒന്നാം വർഷക്കാർക്കുള്ള പരീക്ഷകൾ മാത്രമാണ് മാറ്റിവച്ചത്. ഇവ പുനഃക്രമീകരിച്ചിട്ടുണ്ട്.
- കാർഷിക സർവകലാശാലയിലും കേന്ദ്ര സർവകലാശാലയിലും പരീക്ഷ മാറ്റിയിട്ടില്ല.